ജനയുഗം
JANAYUGOM

07 October 2023

# അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന് കൊച്ചി ഒരുങ്ങി

കൊച്ചി: അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിന് കൊച്ചി ഒരുങ്ങി. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനം 10 ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും.

കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ. ഹിമാൻഷു പഥക് അധ്യക്ഷത വഹിക്കും. സംസ്ഥാന കൃഷി മന്ത്രി പി പ്രസാദ്, ഹൈബി ഈഡൻ എംപി, ഡോ. ട്രിലോചൻ മൊഹാപത്ര, നബാർഡ് ചെയർമാൻ കെ വി ഷാജി എന്നിവർ വിശിഷ്ടാതിഥികളാകും. നാല് ദിവസങ്ങളിലായി ഹോട്ടൽ ലെ മെറിഡിയനിൽ നടക്കുന്ന കോൺഗ്രസിന് ഇത്തവണ ആതിഥ്യം വഹിക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ്.

ഇന്ത്യയിലെ കാർഷിക-അനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസനപ്രവർത്തനങ്ങളും ചർച്ച ചെയ്യുന്ന അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസ് കേരളത്തിലാദ്യമായാണ് സംഘടിപ്പിക്കപ്പെടുന്നത്. പ്രഗത്ഭ കാർഷിക സാമ്പത്തികവിദഗ്ധർ, ശാസ്ത്രജ്ഞർ, ആസൂത്രണ വിദഗ്ധർ, കർഷകർ, വ്യവസായികൾ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുക്കും.

ലോകബാങ്ക് ലീഡ് ഇക്കണോമിസ്റ്റ് ഡോ. മാധൂർ ഗൗതം, ഭാരത് ബയോടെക് എംഡി ഡോ കൃഷ്ണ എല്ല, കാർഷിക വില കമ്മിഷൻ ചെയർമാൻ ഡോ. വിജയ് പോൾ ശർമ, ഡോ. പ്രഭു പിൻഗാളി, ഡോ. റിഷി ശർമ, ഡോ. കടമ്പോട്ട് സിദ്ധീഖ് തുടങ്ങിയ പ്രമുഖരുടെ നീണ്ടനിര സമ്മേളനത്തിലെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. അഞ്ച് പ്ലീനറി പ്രഭാഷണങ്ങൾ, മൂന്ന് പാനൽ ചർച്ചകൾ, നാല് സിംപോസിയങ്ങൾ എന്നിവ കോൺഗ്രസിലുണ്ട്.

കാർഷിക-ഭക്ഷ്യോല്പാദനവുമായി ബന്ധപ്പെട്ട 10 പ്രധാന തീമുകളിലായി പോഷകാഹാരക്കുറവ്, കാലാവസ്ഥാവ്യതിയാനം, ജനിതക വിളകൾ, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യസംസ്കരണം, ഡിജിറ്റൽ കൃഷി, നിർമ്മിതബുദ്ധി അധിഷ്ഠിത കാർഷികവൃത്തി തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.